ല്ലാത്ത സാഹചര്യത്തിൽ മാത്രം കോൺട്രാക്ട് അപ്പോയിന്റ്മെന്റ് നടത്തുക. അങ്ങനെ കോൺട്രാക്ട് അപ്പോയിന്റ്മെന്റ് നടത്തിയാൽ ആ കോൺട്രാക്ട് പിരീഡ് കഴിഞ്ഞാൽ പിന്നിട് അവർക്ക് സ്ഥിരാവകാശപ്പെടാൻ നിർവ്വാഹമി ല്ലാത്ത രീതിയിൽ നടത്തുന്നതാണ് ഗവൺമെന്റിന്റെ നയം.

ശ്രീ. ടി.എം. ജേക്കബ് : കേരളാ പബ്ലിക് സർവ്വീസ് കമ്മീഷനിൽ ഒരു കോടി അപേക്ഷകൾ കെട്ടിക്കിടപ്പുണ്ട്. ഈ ഒരുകോടി അപേക്ഷകളിൽ തീർപ്പുകൽപ്പിക്കുന്നതിന് അഡീഷണലായി കുറച്ചു സ്റ്റാഫിനെ പി.എസ്.സി. ഓഫീസിലേക്ക് ലഭ്യമാക്കുന്നതിന് ധനകാര്യ വകുപ്പിന്റെ ഒബ്ജക്ഷനുണ്ട്. ആ ഒബ്ജക്ഷൻ ക്ലിയർ ചെയ്യുന്നതിന് എന്തെങ്കിലും സ്വീകരിക്കുമോ?

ശ്രീ. ടി. ശിവദാസമേനോൻ : വളരെക്കാലം മന്ത്രിയായിരുന്ന ബഹുമാ നപ്പെട്ട മെമ്പർക്ക്തന്നെ അറിയാം. ഫിനാൻസ് വകുപ്പിലേക്ക് കാശ് ചെലവാ ക്കാനുള്ള നിർദ്ദേശം വന്നാൽ എക്സ്പെൻഡിച്ചർ സെക്രട്ടറിയുടെ ജോലി എങ്ങനെ ഇത് ചെലവാക്കാതിരിക്കാമെന്നുള്ളതാണ്. ഇതു ദൈവ വാക്യമല്ല. ഫൈനൽ വേർഡുമല്ല, ഗവൺമെന്റ് നയപരമായ പൊളിറ്റിക്കൽ ഡിസിഷൻ എടുത്താൽ ഫിനാൻസ് സെക്രട്ടറിക്ക് ചാരിറ്റബിൾ എൻഡോവ്മെന്റ് ട്രസ്റ്റിലോ, യത്തീം ഖാനയിൽ ചെയ്യുന്നതുപോലെയോ സൗജന്യമായി ചെയ്ത്തക്ക നിർദ്ദേശമല്ല കൊടുത്തിട്ടുള്ളത്. ഗവൺമെന്റിന്റെ ചട്ടക്കൂട്ടിൽ ഒതു ങ്ങിനിന്നുകൊണ്ട് വെയ്സ് ആന്റ് മീൻസ് നോക്കി ചെലവു ചെയ്യേണ്ടത് ഫിനാൻസ് സെക്രട്ടറിയുടെ ജോലിയാണ് അത് അദ്ദേഹത്തിനറിയാം. ഫിനാൻസ് ഡിപ്പാർട്ടുമെന്റിന്റെ അഭിപ്രായം മറികടന്ന് പലപ്രാവശ്യം ഗവൺമെന്റ് തീരുമാനമെടുക്കുകയും ചെയ്യും. ആ ഒബ്ജക്ഷൻ അവിടെ കിടക്കും. പോപ്പുലറാണെന്ന് ഗവൺമെന്റിനു തോന്നിയാൽ ഗവൺമെന്റ് ചെയ്യുകയും ചെയ്യും.

ഉത്തരത്തിലെ തിരുത്ത്

മി.സ്പീക്കർ : ഓർഡർ... ഓർഡർ... ഉത്തരത്തിലുള്ള തിരുത്ത്.

ആരോഗ്യ വകുപ്പുമന്ത്രി ശ്രീ. വി.സി. കബീർ : സർ, 20.12.1999-ലെ നക്ഷത്രചിഹ്നമിടാത്ത 867.868 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരത്തിൽ പിശക് കടന്നുകൂടിയിരുന്നു.† തിരുത്തിയ ഉത്തരം സഭയുടെ മേശപ്പുറത്തു വയ്ക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

നെടുമ്പാശ്ശേരി വിമാനത്താവളത്തിലെ സൗകര്യങ്ങൾ

4 (*154)ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ.എം. മാണി :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ :

† അനുബന്ധം-4

LIBRARY ARCHIVES Kerala Legislative Assembly

(എ) രാജ്യാന്തര വിമാനത്താവളമായി പ്രഖ്യാപിക്കുന്നതിന് ആവശ്യമായ സൗകര്യങ്ങൾ എല്ലാം നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ ലഭ്യമാണോ;

(ബി) അല്ലെങ്കിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഇനിയും ലഭ്യമാക്കേണ്ടത്;

(സി) നെടുമ്പാശ്ശേരി വിമാനത്താവളം രാജ്യാന്തര വിമാനത്താവളമായി പ്രഖ്യാപിക്കാത്തത് എന്തുകൊണ്ടാണ് എന്ന് അറിയിക്കുമോ;

(ഡി) നെടുമ്പാശ്ശേരിയെ രാജ്യാന്തര വിമാനത്താവളമായി പ്രഖ്യാപിക്കുന്നതിന് സംസ്ഥാന സർക്കാർ എടുത്ത നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ;

(ഇ) നെടുമ്പാശ്ശേരി വിമാനത്താവളത്തിന് മൊത്തം ചെലവായതുക എത്രയെന്ന് അറിയിക്കുമോ;

(എഫ്)ഈ തുക ഏതെല്ലാം മാർഗ്ഗത്തിലൂടെ സമാഹരിച്ചുവെന്ന് അറിയിക്കുമോ;

(ജി) ഇതിൽ പലിശ നൽകേണ്ട വായ്പ/മറ്റുള്ള തുക എത്ര;

(എച്ച്) വിമാനത്താവളം പ്രവർത്തനം ആരംഭിച്ചതിന് ശേഷം 31-1-2000 വരെ പലിശ ഇനത്തിൽ എന്തുതുകയാണ് ചെലവായത്; ഇതിൽ കൊടുത്തു തീർത്ത തുക എത്ര; ബാക്കി എത്ര കൊടുക്കുവാനുണ്ട്;

(ഐ) വിമാനത്താവളം പ്രവർത്തനം ആരംഭിച്ചതിന് ശേഷം 31-1-2000 വരെ ഓരോ മാസവും ലഭിച്ച മൊത്തം വരുമാനമെത്ര;

(ജെ) ഇതിൽ പ്രവർത്തനച്ചെലവുകൾക്ക് ശേഷം ഓരോ മാസവും എത്ര ലാഭം ഉണ്ടായി എന്ന് അറിയിക്കുമോ;

(കെ) രാജ്യാന്തര വിമാനത്താവളമായി പ്രഖ്യാപിക്കുന്നതോടെ ഓരോ മാസവും പ്രതീക്ഷിക്കുന്ന മൊത്തം വരുമാനമെത്ര;

(എൽ) വിദേശമലയാളികൾക്ക് വളരെയെറെ പ്രയോജനം ഉണ്ടാകുന്ന കാര്യം എന്ന നിലയിൽ എത്രയും വേഗം നെടുമ്പാശ്ശേരി വിമാനത്താവളത്തെ രാജ്യാന്തര വിമാനത്താവളമായി പ്രഖ്യാപിച്ചു കിട്ടുവാൻ ആവശ്യമയ നടപടികൾ സർക്കാർ സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ) ലഭ്യമാണ്

(ബി) ചോദ്യം ഉദിക്കുന്നില്ല

(സി) രാജ്യാന്തര വിമാനത്താവളമായി പ്രഖ്യാപിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ നടന്നു കൊണ്ടിരിക്കുന്നതായി കേന്ദ്ര സർക്കാരിൽ നിന്നും അറിയാൻ കഴിഞ്ഞിട്ടുണ്ട്.

(ഡി) 8-11-1999 ലും 25-01-2000 ലും മുഖ്യമന്ത്രി തന്നെ നേരിട്ട് കേന്ദ്ര വ്യോമയാനമന്ത്രിക്ക് കത്തുകൾ അയച്ചിട്ടുണ്ട്. കൂടാതെ രാജ്യാന്തര പദവി അംഗീകരിപ്പിക്കുന്നതിനായി കേന്ദ്രത്തിൽ ആവശ്യമായ സമ്മർദ്ദം ചെലുത്തുന്നതിന് ഈ വിഷയം കേരളത്തിൽ നിന്നുള്ള എം.പി.മാരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. താമസിയാതെ അംഗീകാരം കിട്ടുമെന്നു പ്രതീക്ഷിക്കുന്നു.

(ഇ) ആകെ 308.96 കോടി രൂപ ചെലവായിട്ടുണ്ട്,

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഓഹരി മൂലധനമായി 76.45 കോടി രൂപയും വായ്പയായി 185.69 കോടി രൂപയും മറ്റിനങ്ങളിലായി 28.50 കോടി രൂപയും സമാഹരിച്ചിട്ടുണ്ട്.

(ജി) 185.69 കോടി രൂപ.

(എച്ച്) ആകെ 68.64 കോടി രൂപ. ഇതിൽ കൊടുത്തുതീർത്തത് 49കോടി രൂപ. ബാക്കി കൊടുക്കുവാനുള്ളത് 19.64 കോടി രൂപ.

(ഐ) തുക ലക്ഷത്തിൽ

ജൂൺ 1999	-	27
ജൂലൈ "	-	136
ആഗസ്റ്റ് "	-	144
സെപ്റ്റംബർ "	-	132
ഒക്ടോബർ "	-	131
നവംബർ "	-	151
ഡിസംബർ "	-	149
ജനുവരി 2000	-	146

(ജെ) ഇപ്പോൾ ലാഭം ഇല്ല

(കെ) പ്രതിമാസം 184 ലക്ഷം രൂപ ലാഭം കിട്ടുമെന്നാണ് പ്രതീക്ഷ.

(എൽ) സ്വീകരിച്ചു വരുന്നു.

സബ്സിഡി നൽകി നിലവിലുള്ള വിലയ്ക്ക് റേഷൻ സാധനങ്ങൾ നൽകാൻ നടപടി

5 (*155)ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. കെ. മുഹമ്മദാലി :
ഡോ. എം.എ. കുട്ടപ്പൻ :
ശ്രീ. ബി. വിജയകുമാർ :
ശ്രീ. ഇ.എം. അഗസ്തി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻ വില കേന്ദ്രം വർദ്ധിപ്പിക്കുന്നെങ്കിൽ അതുമൂലം ഉണ്ടാകുന്ന ഗുരുതരമായ സ്ഥിതിവിശേഷത്തെക്കുറിച്ച് ഗവൺമെന്റ് വിലയിരുത്തിയിട്ടുണ്ടോ;

(ബി) റേഷൻ വിതരണത്തിൽ പുതുതായി എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം നൽകാമോ;

(സി) കേന്ദ്ര വില വർദ്ധിപ്പിച്ചാലും സംസ്ഥാനത്തെ സാധാരണക്കാർക്ക് സബ്സിഡി നൽകി നിലവിലുള്ള വിലയ്ക്കുതന്നെ റേഷൻ സാധനങ്ങൾ നൽകാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം - III

നിയമനം പി.എസ്.സി.യ്ക്ക് കൈമാറാനുള്ള സ്ഥാപനങ്ങൾ

1. The Kerala State Horticulture Products Development Corporation Limited.
2. Kerala Industrial Infrastructure Development Corporation Limited.
3. Kerala State Women's Development Corporation Limited.
4. Kerala Hitech Industries Limited.
5. The Rehabilitation Plantation Limited.
6. Kerala State Backward Classes Development Corporation Limited.
7. Kerala State Maritime Development Corporation Limited.
8. Bakel Resorts Development Corporation Limited.
9. Kerala State Mineral Development Corporation Limited.
10. Kerala State Poultry Development Corporation
11. Tourist Resorts (Kerala) Limited.
12. Kerala Police Housing & Construction Corporation Limited.
13. Kerala Transport Development Finance Corporation Limited.
14. Kerala Feeds Limited.

പി.എസ്.സി.യുടെ പരിധിയിൽ വിടാൻ ഉദ്ദേശിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ

1. Kerala State Horticulture Products Development Corporation Limited.
2. Kerala State Women's Development Corporation Limited.
3. Kerala Hitech Industries Limited.
4. Kerala State Backward Classes Development Corporation Limited.
5. Kerala State Maritime Development Corporation Limited.
6. Bekal Resorts Development Corporation Limited.
7. Kerala State Poultry Development Corporation Limited.
8. Kerala Transport Development Finance Corporation Limited.
9. Kerala Feeds Limited.

അനുബന്ധം - IV

20.12.1999-ലെ നക്ഷത്രചിഹ്നമിടാത്ത 867,868 എന്നീ ചോദ്യങ്ങളുടെ ഉത്തരത്തിലെ തിരുത്ത്.

അർദ്ധ ഔദ്യോഗിക കത്ത് നമ്പർ.55092/E2/99/ആകുവ.

പത്താം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനത്തിൽ പബ്ലിക് ഹെൽത്ത് ലാബുകൾ എന്ന വിഷയത്തെ സംബന്ധിച്ച നക്ഷത്രചിഹ്നമിടാത്ത 867-ാം നമ്പർ ചോദ്യത്തിന് 20.12.1999-ൽ നിയമസഭയ്ക്കു് ഞാൻ നൽകിയ മറുപടിയിലേയ്ക്കു് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു. ഈ വിഷയവുമായി

LIBRARY ARCHIVES Kerala Legislative Assembly

ബന്ധപ്പെട്ട് 1966-ൽ പുറപ്പെടുവിച്ച ഉത്തരവടങ്ങുന്ന തീർപ്പ് ഫയൽ പിന്നീട് ശ്രദ്ധയിൽപ്പെടുകയും, ആയത് പരിശോധിക്കുകയും ചെയ്തപ്പോൾ മേൽപ്പറഞ്ഞ നിയമസഭാചോദ്യത്തിന്റെ (എ), (ഇ) വിഭാഗങ്ങൾക്ക് നൽകിയ മറുപടിക്ക് ചില ഭേദഗതികൾ തിരുത്തലുകൾ ആവശ്യമുള്ളതായി കണ്ടു.

ടി തിരുത്തലുകൾ/ഭേദഗതികൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള നക്ഷത്ര ചിഹ്നമിടാത്ത 867-ാം നംബർ നിയമസഭാ ചോദ്യത്തിനുള്ള പുതുക്കിയ മറുപടി ഇതോടൊപ്പം അയയ്ക്കുന്നു. ബന്ധപ്പെട്ട നിയമസഭാരേഖകളിൽ ആവശ്യമായ ഭേദഗതിവരുത്തുന്നതിന് അനുവദിക്കണമെന്ന് താല്പര്യപ്പെടുന്നു.

ആത്മാർത്ഥതയോടെ

(എ.സി. ഷൺമുഖദാസ്)

ശ്രീ.എം.വിജയകുമാർ,
ബഹു : സ്പീക്കർ,
കേരള നിയമസഭ.

പത്താം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

20.12.1999-ൽ ആരോഗ്യ വകുപ്പു മന്ത്രി മറുപടി നൽകിയ 867-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരത്തിൽ ഉണ്ടായ തിരുത്ത്

ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. എം.കെ. മുനീർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ;

(എ) പബ്ലിക് ഹെൽത്ത് ലബോറട്ടറിയുടെ റീജിയണൽ ലാബുകളും ജില്ലാ ലാബുകളും സ്ഥാപിച്ചത് ഏത് വർഷത്തിലാണ്; ഇത് സംബന്ധിച്ച് സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഇപ്പോൾ ഏതൊക്കെ സ്ഥലങ്ങളിലാണ് റീജിയണൽ ലാബുകൾ പ്രവർത്തിക്കുന്നത്;

(സി) പ്രസ്തുത ഉത്തരവ് പ്രകാരം ഓരോ റീജിയണൽ ലാബിലും ഏതൊക്കെ തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്; ഇവ ഓരോന്നും ഏതു ശമ്പള സ്കെയിലിലുള്ളതാണ്;

(ഡി) 7.3.1968-ലെ ജി.ഒ. (എം.എസ്) 104/68/എച്ച്.എൽ.ഡി. പ്രകാരം എറണാകുളം, കോഴിക്കോട് റീജിയണൽ ലാബുകളിൽ അനുവദിച്ച കെമിസ്റ്റ് ഗ്രേഡ്-1 തസ്തികയ്ക്ക് നിശ്ചയിച്ചിട്ടുള്ള വിദ്യാഭ്യാസ യോഗ്യത അനുസരിച്ചാണോ നിയമനം നടത്തിയിട്ടുള്ളത്;

(ഇ) ഇതിൽ എറണാകുളം റീജിയണൽ ലാബിലേക്ക് അനുവദിച്ച കെമിസ്റ്റ് ഗ്രേഡ്-1 തസ്തിക പിന്നീട് തിരുവനന്തപുരം പി.എച്ച്. ലാബിലേക്ക് മാറ്റിയിട്ടുണ്ടോ;

(എഫ്) കെമിസ്റ്റ് ഗ്രേഡ്-1 തസ്തികയിലേക്ക് പ്രമോഷൻ നൽകണമെന്ന് ആവശ്യപ്പെട്ട് ഏതെങ്കിലും ജീവനക്കാർ നിവേദനം നൽകിയിട്ടുണ്ടോ;

(ജി) എങ്കിൽ എന്ത് നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രിക്കുവേണ്ടി ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) : സർ,

(എ) എറണാകുളം റീജിയണൽ ലാബ് 1962-ലും കോഴിക്കോട് റീജിയണൽ ലാബ് 1972-ലുമാണ് സ്ഥാപിച്ചത്. ജില്ലാ ലാബുകളെ സംബന്ധിച്ചു വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലാണ് ഇപ്പോൾ റീജിയണൽ ലാബുകൾ പ്രവർത്തിക്കുന്നത്.

(സി) (1) 7200-11400 രൂപ ശമ്പള സ്കെയിലിലുള്ള സീനിയർ മെഡിക്കൽ ഓഫീസർ തസ്തിക, എറണാകുളം-1, കോഴിക്കോട്-1

(2) 6675-10500 രൂപ ശമ്പള സ്കെയിലിലുള്ള സയന്റിഫിക് ഓഫീസർ തസ്തിക എറണാകുളം-ഇല്ല, കോഴിക്കോട്-1

(3) 6500-10500 രൂപ ശമ്പള സ്കെയിലിലുള്ള ജൂനിയർ സയന്റിഫിക് ഓഫീസർ തസ്തിക എറണാകുളം-ഇല്ല, കോഴിക്കോട്-3

(4) 4000-6090 രൂപ ശമ്പള സ്കെയിലിലുള്ള ക്ലാർക്ക് തസ്തിക എറണാകുളം-1, കോഴിക്കോട്-1

(5) 3050-5230 രൂപ ശമ്പള സ്കെയിലിലുള്ള ടൈപ്പിസ്റ്റ് തസ്തിക എറണാകുളം-1, കോഴിക്കോട്-1

(6) 4000-6090 രൂപ ശമ്പള സ്കെയിലിലുള്ള ലബോറട്ടറി ടെക്നീഷ്യൻ തസ്തിക എറണാകുളം-6, കോഴിക്കോട്-6

(7) 2650-4150 രൂപ ശമ്പള സ്കെയിലിലുള്ള ജൂനിയർ ലാബ് അസിസ്റ്റന്റ് തസ്തിക എറണാകുളം-2, കോഴിക്കോട്-4

(8) 2610-3680 രൂപ ശമ്പള സ്കെയിലിലുള്ള ശിപായി തസ്തിക എറണാകുളം-1, കോഴിക്കോട്-ഇല്ല

(9) 2610-3680 രൂപ ശമ്പള സ്കെയിലിലുള്ള അറ്റന്റർ തസ്തിക എറണാകുളം-2, കോഴിക്കോട്-2

(ഡി) അതെ

(ഇ) എറണാകുളം റീജിയണൽ ലാബിൽ കെമിസ്റ്റ് തസ്തിക അനുവദിച്ചിട്ടില്ല.

(എഫ്) ഉണ്ട്

(ജി) നിവേദനം പരിശോധിച്ച് വരുന്നു

തിരുത്തിയ ഉത്തരം

(എ) 20.12.1966-ലെ ജി.ഒ. (എം.എസ്) 922/66/എച്ച്.എൽ.ഡി നമ്പർ പ്രകാരം എറണാകുളം, കോഴിക്കോട് ജില്ലാ ലാബുകളെ റീജിയണൽ ലാബുകളായി ഉയർത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) തിരുത്തലില്ല

(സി) തിരുത്തലില്ല

(ഡി) (10) 6500-10500 രൂപ ശമ്പള സ്കെയിലിലുള്ള കെമിസ്റ്റ് തസ്തിക എറണാകുളം-1, കോഴിക്കോട്-1 കൂടി ചേർക്കേണ്ടതാണ്

(ഡി) തിരുത്തലില്ല

LIBRARY ARCHIVES Kerala Legislative Assembly

(ഇ) എറണാകുളം റീജിയണൽ ലാബിൽ കെമിസ്റ്റ് തസ്തികനുവദിച്ചിട്ടില്ല എന്നത് അനുവദിച്ചിട്ടുണ്ട് എന്ന് തിരുത്തി വായിക്കേണ്ടതാണ്. ടി തസ്തിക തിരുവനന്തപുരം പി.എച്ച്. ലാബിലേക്ക് മാറ്റിയിട്ടുണ്ടോ എന്നത് സംബന്ധിച്ച വിശദവിവരം ശേഖരിച്ചു നൽകുന്നതാണ്.

(എഫ്) തിരുത്തലില്ല

(ജി) തിരുത്തലില്ല

അർദ്ധ ഔദ്യോഗിക കത്ത് നം: 55110/ഇ.2/99/ആകുവ

പത്താം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനത്തിൽ 'പബ്ലിക് ഹെൽത്ത് ലാബറട്ടറിയുടെ റീജിയണൽ ലാബുകളും ജില്ലാ ലാബുകളും' എന്ന വിഷയത്തെ സംബന്ധിച്ച 868-ാം നമ്പർ ചോദ്യത്തിന് 20.12.'99-ൽ നിയ സഭാതലത്തിൽ ഞാൻ നൽകിയ മറുപടിയിലേക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണി ക്കുന്നു. ഈ വിഷയവുമായി ബന്ധപ്പെട്ട 1960-ൽ പുറപ്പെടുവിച്ച ഒരു ഉത്തരവ ടങ്ങുന്ന തീർപ്പുഫയൽ പിന്നീട് ശ്രദ്ധയിൽപ്പെടുകയും, ആയത് പരിശോധി ക്കുകയും ചെയ്തപ്പോൾ മേൽപ്പറഞ്ഞ നിയമസഭാചോദ്യത്തിന്റെ (എ), (ഡി), (ഇ), (എഫ്) വിഭാഗങ്ങൾക്ക് നൽകിയ മറുപടിക്ക് ചില ഭേദഗതികൾ/തിരുത്ത ലുകൾ ആവശ്യമുള്ളതായി ശ്രദ്ധയിൽപ്പെടുകയുണ്ടായി.

ടി ഭേദഗതികൾ/തിരുത്തലുകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള നക്ഷത്ര ചിഹ്നമിടാത്ത 868-ാം നമ്പർ നിയമസഭാചോദ്യത്തിനുള്ള പുതുക്കിയ മറുപടി ഇതോടൊപ്പം അയയ്ക്കുന്നു. ബന്ധപ്പെട്ട നിയമസഭാരേഖകളിൽ ആവശ്യമായ ഭേദഗതിവരുത്തുന്നതിന് അനുവദിക്കണമെന്ന് താല്പര്യപ്പെടുന്നു.

അത്മാർത്ഥതയോടെ

(എ.സി ഷൺമുഖദാസ്)

ശ്രീ. എം. വിജയകുമാർ
ബഹു. സ്പീക്കർ,
കേരള നിയമസഭ

പത്താം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

20.12.1999-ൽ ആരോഗ്യ വകുപ്പുമന്ത്രി മറുപടി നൽകിയ 868-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരത്തിൽ ഉണ്ടായ തിരുത്ത്

ശ്രീ. പി.ജെ. ജോയി : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) പബ്ലിക് ഹെൽത്ത് ലബോറട്ടറികളുടെ റീജിയണൽ ലാബുകളും ജില്ലാ ലാബുകളും എന്നാണ് നിലവിൽ വന്നത് ; ഇത് സംബന്ധിച്ച് സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഏതെല്ലാം സ്ഥലങ്ങളിലാണ് റീജിയണൽ ലാബുകൾ പ്രവർത്തി ക്കുന്നത്;

(സി) ഓരോ റീജിയണൽ ലാബിലും ഏതൊക്കെ തസ്തികകളാണ് അനുവദിച്ചിട്ടുള്ളതെന്ന് ഓരോന്നിന്റെയും ശമ്പള സകെയിൽ ഏതാണെന്നും വെളപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 7.3.1968-ലെ ജി.ഒ. (എം.എസ്) 104/68/എച്ച്.എൽ.ഡി. പ്രകാരം എറണാകുളം, കോഴിക്കോട് റീജിയണൽ ലാബുകളിൽ അനുവദിച്ച കെമിസ്റ്റ് ഗ്രേഡ്-1 തസ്തികയ്ക്ക് നിശ്ചയിച്ചിട്ടുള്ള വിദ്യാഭ്യാസ യോഗ്യതകൾ എന്തെല്ലാമാണ്; നിയമനം നടത്തിയത് അതനുസരിച്ചാണോ;

(ഇ) എറണാകുളം റീജിയണൽ ലാബിലേക്ക് അനുവദിച്ച കെമിസ്റ്റ് ഗ്രേഡ്-1 തസ്തിക പിന്നീട് തിരുവനന്തപുരം പി.എച്ച്. ലാബിലേക്ക് മാറ്റിയിട്ടുണ്ടോ; ഇതു സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(എഫ്) പി.എച്ച്. ലാബിലും റീജിയണൽ ലാബിലുമായി എത്ര കെമിസ്റ്റുകളുടെ തസ്തികകളാണ് സർക്കാർ ഉത്തരവുകൾ പ്രകാരം നിലവിലുള്ളത്; ഇവയിൽ കെമിസ്റ്റ് ഗ്രേഡ്-1, കെമിസ്റ്റ് തസ്തികകൾ എത്ര വീതമുണ്ട്;

(ജി) കെമിസ്റ്റ് ഗ്രേഡ്-1 തസ്തികയിലേക്ക് പ്രമോഷൻ ആവശ്യപ്പെട്ട് ഏതെങ്കിലും ജീവനക്കാർ നിവേദനം നൽകിയിട്ടുണ്ടോ;

(എച്ച്) എങ്കിൽ പ്രസ്തുത നിവേദനത്തിൻമേൽ എന്ത് നടപടി സ്വീകരിച്ചെന്ന് വെളിപ്പെടുത്തുമോ ?

മുഖ്യമന്ത്രിക്കുവേണ്ടി ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി.ഷൺമുഖദാസ്) : സർ,

(എ) എറണാകുളം റീജിയണൽ ലാബ് 1962-ലും കോഴിക്കോട് റീജിയണൽ ലാബ് 1972-ലുമാണ് നിലവിൽവന്നത്. ജില്ലാ ലാബുകളെ സംബന്ധിച്ചു വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) എറണാകുളം, കോഴിക്കോട് എന്നീ സ്ഥലങ്ങളിലാണ് റീജിയണൽ ലാബുകൾ പ്രവർത്തിക്കുന്നത്.

(സി) (1) 7200-11400 രൂപ ശമ്പള സ്കെയിലിലുള്ള സീനിയർ മെഡിക്കൽ ഓഫീസർ തസ്തിക, എറണാകുളം-1, കോഴിക്കോട്-1

(2) 6675-10500 രൂപ ശമ്പള സ്കെയിലിലുള്ള സയന്റിഫിക് ഓഫീസർ തസ്തിക എറണാകുളം-ഇല്ല, കോഴിക്കോട്-1

(3) 6500-10500 രൂപ ശമ്പള സ്കെയിലിലുള്ള ജൂനിയർ സയന്റിഫിക് ഓഫീസർ തസ്തിക എറണാകുളം-ഇല്ല, കോഴിക്കോട്-3

(4) 4000-6090 രൂപ ശമ്പള സ്കെയിലിലുള്ള ക്ലാർക്ക് എറണാകുളം-1, കോഴിക്കോട്-1

(5) 3050-5230 രൂപ ശമ്പള സ്കെയിലിലുള്ള ടൈപ്പിസ്റ്റ് തസ്തിക എറണാകുളം-1, കോഴിക്കോട്-1

(6) 4000-6090 രൂപ ശമ്പള സ്കെയിലിലുള്ള ലബോറട്ടറി ടെക്നീഷ്യൻ തസ്തിക എറണാകുളം-6, കോഴിക്കോട്-6

(7) 2650-4150 രൂപ ശമ്പള സ്കെയിലിലുള്ള ജൂനിയർ ലാബ് അസിസ്റ്റന്റ് തസ്തിക എറണാകുളം-2, കോഴിക്കോട്-4

(8) 2610-3680 രൂപ ശമ്പള സ്കെയിലിലുള്ള ശിപായി തസ്തിക എറണാകുളം-1, കോഴിക്കോട്-ഇല്ല

(9) 2610-3680 രൂപ ശമ്പള സ്കെയിലിലുള്ള അറ്റന്റർ തസ്തിക എറണാകുളം-2, കോഴിക്കോട്-2

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വിദ്യാഭ്യാസ യോഗ്യത നിശ്ചയിച്ചുകൊണ്ടുള്ള ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി വെച്ചിട്ടുണ്ട്, എറണാകുളം, കോഴിക്കോട് റീജിയണൽ ലാബുകളിൽ കെമിസ്റ്റ് തസ്തികകൾ അനുവദിച്ചിട്ടില്ല.

(ഇ) എറണാകുളം റീജിയണൽ ലാബിൽ കെമിസ്റ്റ് തസ്തിക അനുവദിച്ചിട്ടില്ല.

(എഫ്) തിരുവനന്തപുരം പബ്ലിക് ഹെൽത്ത് ലാബിൽ കെമിസ്റ്റ് ഗ്രേഡ് -2 തസ്തിക രണ്ടെണ്ണം നിലവിലുണ്ട്. റീജിയണൽ ലാബുകളിൽ തസ്തിക നിലവിലില്ല.

(ജി) ഉണ്ട്

(എച്ച്) നിവേദനം പരിശോധിച്ച് വരുന്നു

തിരുത്തിയ ഉത്തരം

(എ) 20.12.1966-ലെ ജി.ഒ. (എം.എസ്) 922/66/എച്ച്.എൽ.ഡി നമ്പർ പ്രകാരം എറണാകുളം, കോഴിക്കോട് ജില്ലാ ലാബുകളെ റീജിയണൽ ലാബുകളായി ഉയർത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) തിരുത്തലില്ല

(സി) തിരുത്തലില്ല

(ഡി) തിരുത്തലില്ല

(സി) (10) 6500-10500 രൂപ ശമ്പള സ്കെയിലിലുള്ള കെമിസ്റ്റ് തസ്തിക എറണാകുളം-1, കോഴിക്കോട്-1 കൂടി ചേർക്കേണ്ടതാണ്

(ഡി) 20.12.96-ലെ ജി.ഒ.)(എം.എസ്) 922/66/എച്ച്.എൽ.ഡി. പ്രകാരം എറണാകുളം, കോഴിക്കോട് റീജിയണൽ ലാബുകളിൽ ഓരോ കെമിസ്റ്റ് തസ്തിക അനുവദിച്ചിട്ടുണ്ട്.

(ഇ) ടി തസ്തിക തിരുവനന്തപുരം പി.എച്ച്. ലാബിലേക്ക് മാറ്റിയിട്ടുണ്ടോ എന്നത് സംബന്ധിച്ച വിശദവിവരം ശേഖരിച്ചു നൽകുന്നതാണ്.

(എഫ്) റീജിയണൽ ലാബുകളിൽ തസ്തിക നിലവിലില്ല എന്നത് റീജിയണൽ ലാബുകളിൽ ഓരോ തസ്തിക നിലവിലുണ്ട് എന്ന് തിരുത്തി വായിക്കേണ്ടതാണ്.

(ജി) തിരുത്തലില്ല

(എച്ച്) തിരുത്തലില്ല

അനുബന്ധം - 5
പത്താം കേരള നിയമസഭ

ബിൽ നമ്പർ 229

2000-ത്തിലെ കേരള പോലീസ് (ഭേദഗതി) ബിൽ

1960-ലെ കേരള പോലീസ് ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള ഒരു ബിൽ

പീഠിക-1960-ലെ കേരള പോലീസ് ആക്റ്റ് താഴെ കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമാക്കിയിരിക്കയാൽ:

LIBRARY ARCHIVES Kerala Legislative Assembly